**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 946** **18-09-2025 - ൽ മറുപടിയ്ക്ക്**

**ജാതി സർവേ നടത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ പിന്നാക്ക സമുദായങ്ങളുടെ സംവരണ പട്ടിക പരിഷ്കരിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന പിന്നാക്ക സംവരണ പട്ടിക കാലാനുസൃതമായി പുതുക്കി വരുന്നുണ്ട്. |
| (ബി) | പട്ടിക പുതുക്കുന്നതിന്റെ ഭാഗമായി ജാതി സർവേ നടത്താൻ പിന്നാക്ക കമ്മീഷനോട് നിർദേശിച്ചിരുന്നോ; വ്യക്തമാക്കാമോ; | (ബി) | പട്ടിക പുതുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ജാതി സർവേ നടത്താൻ പിന്നാക്ക കമ്മീഷനോട് നിർദ്ദേശിച്ചിട്ടില്ല. |
| (സി) | സർവേ നടത്തുന്നതിന് മുൻപ് പിന്നാക്ക സമുദായ സംഘടനകളുമായി ചർച്ച നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ? | (സി) | സംസ്ഥാനത്ത് ജാതി സെൻസസ് നടത്തുന്നത് സംബന്ധിച്ച കേസ് [Contempt Petition (C)669-670/2022 in SLP(C)4751-52/2021 filed by Minority Indians Planning & Vigilance Commission Trust] ബഹു: സുപ്രീം കോടതിയിൽ നിലവിലുണ്ട്. പ്രസ്തുത കേസിലെ സുപ്രീം കോടതിയുടെ അന്തിമ തീരുമാനം വരുന്ന മുറയ്ക്ക് സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ രാജ്യത്ത് അടുത്ത സെൻസസിന്റെ കൂടെ ജാതി സെൻസസും നടത്തുമെന്ന് 2025 ഏപ്രിൽ 30-ന് കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുകയും അടുത്ത സെൻസസ് സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ